>> പ്രതികരണം

● ജി.കെ എടത്തനാട്ടുകര

**മുതലാളിത്തത്തിനു ബദലായി കടന്നുവന്ന കമ്യൂണിസം, സോഷ്യലിസം എന്ന ചവിട്ടുപടിയിൽ തന്നെ എഴുപതോളം വർഷം നിന്ന്, കമ്യൂണിസത്തിൽ എത്താതെ ഒടുവിൽ മുതലാളിത്തത്തിനു വഴിമാറുകയാണുണ്ടായത്. ആ വഴിമാറ്റം കമ്യൂണിസത്തിന്റെ തകരാറല്ല, അത് നടപ്പാക്കുന്നവരുടെ തകരാറാണെന്നവാദം ഉറച്ച കമ്യൂണിസ്റ്റ് സ്നേഹികൾക്കുണ്ടെങ്കിലും 70 വർഷം പിന്നിട്ടപ്പോഴേക്കും എന്തുകൊണ്ട് എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും ഒരുപോലെ ഉൽപാദനക്കുറവും ദാരിദ്ര്യവും ഉണ്ടായി എന്ന ചോദ്യത്തിന് അവർക്ക് ശരിയായ ഉത്തരമില്ല**

# കമ്യൂണിസം അരങ്ങൊഴിയുമ്പോൾ

**'മാർക്സിസ്റ്റുകാരൻ** ഭൗതിക വാദിയായിരിക്കണം അതായത് മതത്തിന്റെ ശത്രു' (ഇ.എം.എസ്, *സാംസ്കാരിക വിപ്ലവം, മതം, മാർക്സിസം* പേജ്: 59) എന്നഭിപ്രായപ്പെട്ട പഴയകാല കമ്യൂണിസ്റ്റുകാരും ഇന്നത്തെ കമ്യൂണിസ്റ്റുകാരും തമ്മിൽ ഒരുപാട് അന്തരമുണ്ട്. അതുകൊണ്ടാണ് കെ.ഇ.എൻ ഇങ്ങനെ കുറിച്ചത്:

'സൈദ്ധാന്തിക വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ മതവും മാർക്സിസവും തമ്മിൽ ലോകവ്യാപകമായി ഐക്യം ശക്തിപ്പെടാനിടയാക്കിയ സാമൂഹികാവസ്ഥകളെ ശരിയായി അപഗ്രഥിക്കുന്നതിനു പകരം, കമ്യൂണിസ്റ്റ് പാർട്ടിയുടെ മൂക്കിടിച്ച് പരത്താനും കഴിയുമെന്ന പ്രതീക്ഷയിലാണിപ്പോൾ പലരും തുരുതുരാ പ്രബന്ധങ്ങൾ എഴുതിതള്ളുന്നത്' (*വർത്തമാനം* ദിനപത്രം 2007 നവംബർ 14).

നക്സലെറ്റ് വിപ്ലവകാരികൾ പോലും ആത്മീയാചാര്യന്മാരായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ഔദ്യോഗികമായി തന്നെ മതത്തെ അംഗീകരിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ മതത്തിന്റെ ശത്രുപക്ഷത്ത് നിന്നുകൊണ്ട് ഇനി മുന്നോട്ടുപോവുക അസാധ്യമാണെന്ന് നമ്മുടെ നാട്ടിലെ കമ്യൂണിസ്റ്റുകാർക്കും ബോധ്യം വന്നിരിക്കുന്നു. പാർട്ടി പരിപാടികളിലെല്ലാം അത് പ്രകടമാണ്. 'വി.എസ് അച്യുതാനന്ദൻ വക മൂന്നുവെടി' ശബരിമലയിൽ പൊട്ടിയതും കമ്യൂണിസ്റ്റ് പാർട്ടിയുടെ ഗതിമാറ്റത്തിന്റെ 'ആഘോഷ വെടി'യായിട്ടുവേണം കാണാൻ.

അതേസമയം, പല മതനേതൃത്വങ്ങളും മതസംഘടനകളും കമ്യൂണിസ്റ്റ് പാർട്ടിയുടെ ഈ നിലപാടിനെ ചോദ്യം ചെയ്യുന്നു. കമ്യൂണിസം അതിന്റെ അടിസ്ഥാന തത്വമനുസരിച്ച് മതത്തോട് യോജിക്കുന്നില്ലെങ്കിലും പല മതസംഘടനകളിലുമുള്ളവർ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായുണ്ടെന്നത് സത്യമാണ്. 'ദൈവത്തിനുള്ളത് ദൈവത്തിന്, സീസർക്കുള്ളത് സീസർക്ക്' എന്ന ബൈബിൾ പ്രയോഗത്തിന്റെ സാക്ഷാത്കാരമാണത്. നിലവിലുള്ള മതവീക്ഷണമനുസരിച്ച് അത്തരമൊരു നിലപാടിനെ ചോദ്യം ചെയ്യേണ്ടതുണ്ടോ? 'മതമൗലികതയുടെ കാര്യമൊഴിച്ചാൽ മതവും കമ്യൂണിസവുമായി കേരളത്തിലോ, ഇന്ത്യയിലോ, മറ്റെവിടെയെങ്കിലുമോ ഏറ്റുമുട്ടലിന്റെ ആവശ്യമില്ല. മതത്തിന് ആത്മീയതയുടെ വഴി; കമ്യൂണിസത്തിന് മാനവികതയുടെയും -രണ്ടും പരസ്പര പൂരകങ്ങളാണ്- ഒപ്പം സമാന്തരവും-' (കമ്യൂണിസവും മതവിശ്വാസവും, *ഗൾഫ് മാധ്യമം* 2007 നവംബർ 2) എന്ന് അപ്പുക്കുട്ടൻ വള്ളിക്കുന്നിനെപ്പോലുള്ളവർ പറയുന്നതിൽ ചില ന്യായങ്ങളില്ലേ?

കമ്യൂണിസം അടിസ്ഥാനപരമായി നിരീശ്വരത്വത്തിലധിഷ്ഠിതമാണെന്നതിനാൽ കമ്യൂണിസത്തെ എതിർക്കുന്ന മതവിശ്വാസികൾ, പ്രത്യേകിച്ചു മുസ്‌ലിം മതസംഘടനകൾ മറ്റു പാർട്ടികൾ പ്രതിനിധീകരിക്കുന്ന പ്രത്യയ ശാസ്ത്രങ്ങളുടെ ദൈവികത പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല, മതം ദൈവികമാണെന്നു വിശ്വസിച്ചാൽതന്നെ, അതിന്റെ സ്ഥാനം സ്വകാര്യ-ആത്മീയ തലത്തിൽ ഒതുങ്ങുന്നതായതിനാൽ പൊതു-ഭൗതിക കാര്യങ്ങൾ നിർവഹിക്കാൻ ദൈവികമല്ലാത്ത ഏതെങ്കിലും ഇസങ്ങളെ കൂട്ടുപിടിക്കാതിരിക്കുന്നതെങ്ങനെ? അത് കമ്യൂണിസമായാലും ക്യാപിറ്റലിസമായാലും തനിക്ക് ശരിയെന്നു തോന്നുന്ന ഒന്നിനെ കണ്ടെത്താൻ മതവിശ്വാസി നിർബന്ധിതനാണ്. അത് കമ്യൂണിസമായി എന്നതുകൊണ്ടു മാത്രം ആക്ഷേപിക്കപ്പെടേണ്ടതുണ്ടോ? ക്യാപിറ്റലിസം പോലുള്ള ഇസങ്ങളും അടിസ്ഥാനപരമായി ദൈവികമല്ലല്ലോ. എന്നാൽ, അവ മതത്തോട് രാജിയാവുന്നു. ഈ നിലപാടിലേക്ക് കമ്യൂണിസം

മാറുന്നതോടുകൂടി പരമ്പരാഗത മതവിശ്വാസിക്ക് അതിനെയും തെരഞ്ഞെടുത്തു കൂടേ?

അതേസമയം, പ്രവാചകന്മാർ പഠിപ്പിച്ച ദൈവിക ദർശനത്തെ പ്രതിനിധീകരിക്കുന്ന വിശ്വാസികളെ സംബന്ധിച്ചേടത്തോളം മറ്റേതെങ്കിലും ഇസങ്ങളെ കൂട്ടുപിടിക്കേണ്ടിവരില്ല. കാരണം പ്രവാചകന്മാർ പഠിപ്പിച്ച ദൈവികദർശനം ആത്മീയതയേയും ഭൗതികതയേയും വേർതിരിക്കുകയോ ആത്മീയതക്ക് വേണ്ടി ഭൗതികതയെ അവഗണിക്കുകയോ ചെയ്യുന്നില്ല. നല്ല ആത്മീയതയിൽനിന്ന് നല്ല ഭൗതികത എന്നതാണതിന്റെ നിലപാട്. പ്രസ്തുത ദൈവിക ദർശനത്തെ മതങ്ങളോട് കൂട്ടിക്കെട്ടുന്നതും അബദ്ധമാണ്. കാരണം മനുഷ്യന്റെ ആത്മീയമേഖലയിൽ മാത്രമല്ല, വ്യക്തി, കുടുംബ, സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലെല്ലാം അതിടപെടുന്നുണ്ട്. അവിടെയെല്ലാം മാർഗദർശനം നൽകുന്നു. ചുരുക്കത്തിൽ, മതത്തിന്റെ ഉള്ളടക്കമുള്ള ജീവിത വ്യവസ്ഥയാണ് പ്രവാചകർ പഠിപ്പിച്ചത്. അതാണ് യഥാർഥ ഇസ്‌ലാം.

സ്രഷ്ടാവായ ദൈവം സൃഷ്ടികൾക്കു നൽകിയ നിയമങ്ങളാണത്. പള്ളിയിലേക്കും പാർലമെന്റിലേക്കുമുള്ള അടിസ്ഥാന നിയമ നിർദേശങ്ങളതിലുണ്ട്. പള്ളിയിൽ ദൈവത്തിന്റെയും പാർലമെന്റിൽ സീസറിന്റെയും നിയമങ്ങൾ എന്ന നിലപാട് ഇസ്‌ലാമിന് അന്യമാണ്. പള്ളിയിലും പാർലമെന്റിലും ദൈവത്തിന്റെ നിയമങ്ങളാവണം എന്നുവരുമ്പോൾ ഒരു യഥാർഥ മുസ്‌ലിമിന് അഥവാ ഇസ്‌ലാമിസ്റ്റിന് കമ്യൂണിസ്റ്റാവാനോ ക്യാപിറ്റലിസ്റ്റാവാനോ കഴിയില്ല. ഇസ്‌ലാമേതര പ്രത്യയശാസ്ത്രങ്ങളെ പ്രതിനിധീകരിക്കുന്ന പാർട്ടികളിലണിചേരാനും കഴിയില്ല. കാരണം, ദൈവിക നിയമങ്ങളും പാർട്ടി നിയമങ്ങളും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടാവും.

ഉദാഹരണമായി, 'ഒരു കമ്യൂണിസ്റ്റ് മുസ്‌ലിം' അല്ലെങ്കിൽ 'കോൺഗ്രസ് മുസ്‌ലിം' പാർട്ടിക്കുവേണ്ടി സമയവും സമ്പത്തും നൽകി പണിയെടുക്കുന്നവൻ. പാർട്ടി അധികാരത്തിൽവന്ന് കഴിഞ്ഞപ്പോൾ മദ്യം സാർവത്രികമാക്കാൻ തീരുമാനമായി. വിശ്വാസിയായ പാർട്ടി പ്രവർത്തകൻ എന്ത് നിലപാടെടുക്കും? അല്ലാഹു ഹറാമാക്കിയ ഒന്നിനെ തന്റെ പാർട്ടി ഹലാലാക്കുന്നു! വ്യഭിചാരം, പലിശ തുടങ്ങിയ പല തിന്മകളും പാർട്ടികൾക്ക് ഹലാലാണ്. ഇസ്‌ലാമിനെ മതമായി അംഗീകരിക്കുന്ന ഇത്തരം മുസ്‌ലിംകൾ വ്യക്തിപരമായി ഇത്തരം സാമൂഹിക തിന്മകളിൽനിന്ന് വീട്ടുനിന്നാൽ തന്നെ, സാമൂഹിക തിന്മകൾക്ക് പ്രചാരവും പ്രോത്സാഹനവും നൽകുന്നതിൽ പാർട്ടികൾക്ക് പങ്കുണ്ടെന്നിരിക്കെ എങ്ങനെ പാർട്ടി നിലപാടിനോട് രാജിയാവാൻ കഴിയും?

അതുകൊണ്ടുതന്നെ ദൈവിക നിയമങ്ങൾ അംഗീകരിക്കുന്ന ഭരണകൂടത്തിനുവേണ്ടി പരിശ്രമിക്കലത്രെ യഥാർഥ വിശ്വാസികളുടെ ബാധ്യത. പ്രവാചകനും അനുയായികളും ചെയ്ത 'പാർട്ടി പ്രവർത്തനം' അതായിരുന്നു. അതിനാലാണ് 23 വർഷങ്ങൾകൊണ്ട് മദീനയിൽ ദൈവിക നിയമങ്ങൾ അംഗീകരിക്കുന്ന ഒരു രാഷ്ട്രം സ്ഥാപിതമായതും മദ്യം, വ്യഭിചാരം, ചൂതാട്ടം, പലിശ തുടങ്ങിയ സകല തിന്മകളെയും ഇല്ലായ്മ ചെയ്തതും. ചരിത്രത്തിൽ എന്നെങ്കിലും ഇത്തരം തിന്മകൾ ഇല്ലായ്മ ചെയ്ത് നന്മയിലധിഷ്ഠിതമായ വിപ്ലവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പ്രവാചകന്മാരുടെയും വേദങ്ങളുടെയും അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുണ്ടായതാണ്. ആധുനിക ലോകം ആവശ്യപ്പെടുന്നതും അതാണ്.

മുതലാളിത്തത്തിനു ബദലായി കടന്നുവന്ന കമ്യൂണിസം, സോഷ്യലിസം എന്ന ചവിട്ടുപടിയിൽ തന്നെ എഴുപതോളം വർഷം നിന്ന്, കമ്യൂണിസത്തിൽ എത്താതെ ഒടുവിൽ മുതലാളിത്തത്തിനു വഴിമാറുകയാണുണ്ടായത്. ആ വഴിമാറ്റം കമ്യൂണിസത്തിന്റെ തകരാറല്ല, അത് നടപ്പാക്കുന്നവരുടെ തകരാറാണെന്നവാദം ഉറച്ച കമ്യൂണിസ്റ്റ് സ്നേഹികൾക്കുണ്ടെങ്കിലും 70 വർഷം പിന്നിട്ടപ്പോഴേക്കും എന്തുകൊണ്ട് എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും ഒരുപോലെ ഉൽപാദനക്കുറവും ദാരിദ്ര്യവും ഉണ്ടായി എന്ന ചോദ്യത്തിന് അവർക്ക് ശരിയായ ഉത്തരമില്ല.

സ്വകാര്യസ്വത്ത് നിരോധിച്ചുകൊണ്ട് വ്യക്തിയെ അവഗണിച്ചപ്പോൾ വ്യക്തിയിൽ നിലനിൽക്കുന്ന 'സ്വന്തമാക്കുക' എന്ന ഭൗതിക പ്രചോദനത്തെ അത് തകർത്തുകളഞ്ഞു. 'ഓരോരുത്തനും അവനവന്റെ കഴിവിനനുസരിച്ച്' എന്ന മനോഹരമായ തത്ത്വം പ്രയോഗത്തിൽ വന്നപ്പോൾ, ഓരോരുത്തനും ആവശ്യത്തിനനുസരിച്ച് ഉപയോഗിച്ചു. പക്ഷേ, കഴിവിനനുസരിച്ച് ചെയ്തില്ല. സ്വന്തമാക്കാനും സ്വന്തത്തെ വളർത്താനും പരിപാലിക്കാനുമുള്ള വ്യക്തിയുടെ പ്രകൃതിപരമായ പ്രചോദനത്തെ അടിച്ചമർത്തുന്ന ഒരു വ്യവസ്ഥയിൽ ഈ പതനം സ്വാഭാവികം മാത്രമാണ്.

മറുഭാഗത്ത് മുതലാളിത്തമാകട്ടെ, 'അർഹതയുള്ളത് അതിജീവിക്കും, അല്ലാത്തത് നശിക്കും' എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തെ അവഗണിച്ച്, വ്യക്തിയെമാത്രം പരിഗണിക്കുന്ന നിലപാടാണ്. അതുകൊണ്ടുതന്നെ മുതലാളിത്ത രാജ്യങ്ങളിൽ വമ്പിച്ച ഉൽപാദനം നടക്കുന്നു. സമൂഹത്തെ അവഗണിച്ചുകൊണ്ടുള്ള മുതലാളിത്തത്തിന്റെ മനുഷ്യത്വ വിരുദ്ധ നിലപാട് ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ലാഭത്തിൽ കേന്ദ്രീകരിക്കുന്ന ഒരു കാഴ്ചപ്പാടിന് മനുഷ്യപ്പറ്റുണ്ടാവാൻ ന്യായമില്ല. ഉൽപാദനാധിക്യത്താൽ വിലയിടിവനുഭവപ്പെട്ടപ്പോൾ ജനം പട്ടിണികിടക്കെ, ടൺ കണക്കിന് ഭക്ഷ്യസാധനങ്ങൾ കടലിൽ മുക്കി കൃത്രിമക്ഷാമമുണ്ടാക്കി വിലവർധിപ്പിക്കാൻ ശ്രമിച്ചതെല്ലാം ഇതിന്റെ ഭാഗമാണ്.

വ്യക്തിയെയും സമൂഹത്തെയും വേണ്ട അളവിൽ പരിഗണിക്കുന്ന, എന്നാൽ വ്യക്തിയെ അവഗണിക്കുക എന്ന കമ്യൂണിസത്തിന്റെ ദോഷവും സമൂഹത്തെ അവഗണിക്കുക എന്ന മുതലാളിത്തത്തിന്റെ ദോഷവും ഇല്ലാത്ത ഒരു ദർശനമാണ് മനുഷ്യകുലം തേടുന്നത്. ഇസ്‌ലാമിക ദർശനം പ്രസക്തമാവുന്നതും ഇവിടെയാണ്.

ഇസ്‌ലാം സ്വകാര്യ സമ്പാദ്യം വിലക്കുന്നില്ല. അതേസമയം, സമ്പത്ത് അൽപം വ്യക്തികളിൽ കുമിഞ്ഞുകൂടുന്നത് അംഗീകരിക്കുന്നുമില്ല. സമ്പാദ്യം നിശ്ചിത പരിധിയിലെത്തിയാൽ സകാത്ത് നൽകൽ നിർബന്ധമാണ്. അത് പാവപ്പെട്ടവന്റെ അവകാശമായി ഇസ്‌ലാം നിശ്ചയിക്കുന്നു. സമ്പന്നൻ ദരിദ്രനു നൽകുന്ന ഔദാര്യമല്ല അത്. സമ്പത്ത് സമ്പന്നനിൽ കുമിഞ്ഞുകൂടാൻ കാരണമാകുന്ന പലിശയെ നിരോധിക്കുകയും ചെയ്യുന്നു. ഇങ്ങനെ പാവപ്പെട്ടവനിൽനിന്ന് പണക്കാരനിലേക്ക് മാത്രം പോകുന്ന പലിശയെ നിരോധിച്ചു. പണക്കാരനിൽനിന്ന് പാവപ്പെട്ടവനിലേക്ക് മാത്രം പോകുന്ന സകാത്തിനെ നിർബന്ധമാക്കിയും ഇസ്‌ലാം സാമ്പത്തിക മേഖലയിൽ ശക്തമായ ഇടപെടൽ നടത്തുന്നു.

ഖലീഫാ ഉമറിനെ പോലുള്ള ഭരണാധികാരികളുടെ കാലത്ത് സകാത്ത്

**പള്ളിയിൽ ദൈവത്തിന്റെയും പാർലമെന്റിൽ സീസറിന്റെയും നിയമങ്ങൾ എന്ന നിലപാട് ഇസ്‌ലാമിന് അന്യമാണ്. പള്ളിയിലും പാർലമെന്റിലും ദൈവത്തിന്റെ നിയമങ്ങളാവണം എന്നുവരുമ്പോൾ ഒരു യഥാർഥ മുസ്‌ലിമിന് അഥവാ ഇസ്‌ലാമിസ്റ്റിന് കമ്യൂണിസ്റ്റാവാനോ ക്യാപിറ്റലിസ്റ്റാവാനോ കഴിയില്ല. ഇസ്‌ലാമേതര പ്രത്യയശാസ്ത്രങ്ങളെ പ്രതിനിധീകരിക്കുന്ന പാർട്ടികളിലണിചേരാനും കഴിയില്ല. കാരണം, ദൈവിക നിയമങ്ങളും പാർട്ടി നിയമങ്ങളും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടാവും**

വാങ്ങാൻ പോലും ആളില്ലാത്ത നിലയിൽ ചില മേഖലകളിൽ ദാരിദ്ര്യ നിർമാർജനം സാധ്യമായത് മുസ്‌ലിം സമൂഹം മറ്റേതെങ്കിലും 'ഇസ'ത്തെ കൂട്ടുപിടിച്ചതുകൊണ്ടല്ല; കറകളഞ്ഞ ഇസ്‌ലാമിനെ പ്രയോഗവൽക്കരിച്ചപ്പോഴാണ്. ഇന്നും അസാധ്യമായ ഒന്നല്ല അത്. അതുകൊണ്ടാണ് ഐ.എം.എഫിലെ ഇന്ത്യയുടെ കടബാധ്യതയെക്കുറിച്ച് 1991-ൽ എം.പി നാരായണ പിള്ള 'നമുക്ക് വേണ്ടത് ഇസ്‌ലാമിക ബജറ്റ്' എന്ന തലക്കെട്ടിൽ *കലാകൗമുദി* വാരികയിൽ ലേഖനമെഴുതിയത്. അതിന്റെ അവസാനഭാഗത്ത് അദ്ദേഹം എഴുതുന്നു: 'ഇതിനൊക്കെ തടസ്സമായി നിൽക്കുന്നത് പലിശ മാത്രമാണ്. ഇവിടെ ഒരു ചികിത്സ, ഇന്ത്യാ ഗവൺമെന്റ് തന്നെ പൊന്നാനി പള്ളിയിൽ പോയി മാർഗം കൂടുകയാണ് - പരിശുദ്ധ ഇസ്‌ലാമിലേക്ക്. അപ്പോൾ ഗവൺമെന്റിനോടൊപ്പം ജനങ്ങളും രക്ഷപ്പെടും (1991 ആഗസ്റ്റ് 11 , ലക്കം: 830).

പ്രവാചകന്മാർ പഠിപ്പിച്ച ഈ ദർശനത്തിൽ ജീവിതത്തിന്റെ മുഴുവേഖലകളിലേക്കും നിയമ നിർദേശങ്ങളുണ്ട്. അത് പ്രബോധനം ചെയ്യുകയും പ്രയോഗവൽക്കരിക്കുകയാണ് മുസ്‌ലിംകളുടെ ബാധ്യത. അങ്ങനെ മുന്നോട്ടു പോയാൽ മനുഷ്യസമൂഹത്തെ ചൂഷണം ചെയ്ത് അടക്കി ഭരിക്കുന്ന സകല ദുശ്ശക്തികൾക്കും അതൊരു തലവേദനയാകും എന്നതിൽ സംശയിക്കേണ്ടതില്ല. ചരിത്രത്തിൽ ഒരു പ്രവാചകനെയും ഒരു സമൂഹവും പൂമാലയിട്ട് സ്വീകരിച്ചിട്ടില്ല. എല്ലാവരും കല്ലെറിയപ്പെട്ടവരാണ്. ഇനിയും അതാവർത്തിക്കാതിരിക്കാൻ ന്യായങ്ങളില്ല.

ഇബ്‌റാഹീം നബി(അ) നംറൂദിനോടും മൂസാനബി(അ) ഫിർഔനോടും കലഹിക്കാൻ കാരണമായ ആത്മീയതക്ക് ബുഷിനോട് കലഹിക്കാതിരിക്കാൻ ന്യായമെന്താണ്? ബുഷ് നേതൃത്വം നൽകുന്ന സാമ്രാജ്യത്വത്തെ പ്രതിരോധിക്കൽ മാനവ കുലത്തിന്റെ നിലനിൽപിന് അനിവാര്യമാണ്. കമ്യൂണിസത്തിന് അത് സാധ്യമല്ലെന്ന് കാലം തെളിയിച്ചു കഴിഞ്ഞു. ആ ദൗത്യം നിർവഹിക്കാൻ ഇസ്‌ലാമല്ലാതെ മറ്റൊരു ദർശനമില്ല എന്ന ബോധ്യത്തിലേക്ക് പൊതുസമൂഹം വരെ എത്തിക്കൊണ്ടിരിക്കുന്നു.

സാമൂഹിക പ്രവർത്തകയായ അജിത എഴുതി: 'അന്താരാഷ്ട്ര തലത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ ഇന്ന് ശക്തമായി ചെറുത്തു നിൽക്കുന്നത് ഇസ്‌ലാമാണ്. ഒരു കാലത്ത് കമ്യൂണിസ്റ്റ് മൂവ്മെന്റ് ഇതേറ്റെടുത്തിരുന്നു. ഇന്നിപ്പോൾ അമേരിക്കക്ക് ഏറ്റവും പേടി ആഗോള ഇസ്‌ലാം നേതൃത്വത്തെ തന്നെയാണ് (*കേരളശബ്ദം* 5.12.2004).

യാഥാർഥ്യങ്ങൾ തിരിച്ചറിഞ്ഞ് ഇസ്‌ലാമിക സമൂഹം മുന്നോട്ടുപോയാൽ സംഭവിക്കാനിരിക്കുന്ന ലോകാവസ്ഥയെക്കുറിച്ച് മൗലാനാ മൗദൂദി നടത്തിയ ദീർഘവീക്ഷണം പ്രസക്തമാണ്: 'പ്രസ്തുത സന്മാർഗത്തെ നിങ്ങൾ ശരിക്കനുഗമിക്കുകയും നിങ്ങളുടെ സാമൂഹിക ചര്യയിൽ മുഴുവൻ ഇസ്‌ലാമും മുറക്ക് പ്രതിഫലിപ്പിക്കപ്പെട്ടുതുടങ്ങുകയുമാണെങ്കിൽ നിസ്സംശയം നിങ്ങൾ ഇഹലോകത്ത് പ്രതിഭാശാലികളും പരലോകത്ത് വിജയശ്രീലാളിതരുമായി ഭവിക്കുക തന്നെ ചെയ്യും. ഇന്നു നിങ്ങളുടെ തലക്കുമീതെ തൂങ്ങി നിൽക്കുന്ന ഭയത്തിന്റെയും ദുഃഖത്തിന്റെയും ദൈന്യതയുടെയും പരാജയത്തിന്റെയും അടിമത്തത്തിന്റെയും കരാള മേഘങ്ങൾ ചില വർഷങ്ങൾക്കകം അകന്നു മാറുന്നതുമാണ്. നിങ്ങളുടെ സത്യബോധനവും സച്ചരിതങ്ങളും ഹൃദയ മസ്തിഷ്കങ്ങളെ കീഴടക്കിക്കൊണ്ടേ പോവും; നിങ്ങളെക്കുറിച്ചുള്ള മതിപ്പും വിശ്വാസവും ലോകത്ത് വേരുറക്കും; നീതിയുടെ പ്രതീക്ഷകൾ നിങ്ങളോട് മാത്രം ബന്ധിക്കപ്പെടും; ലോകത്തിന്റെ വിശ്വാസം നിങ്ങളുടെ വിശ്വസ്തതയിലും സത്യസന്ധതയിലും മാത്രമായിരിക്കും; നിങ്ങളുടെ വാക്ക് പ്രമാണമായിരിക്കും; നന്മ നിങ്ങളിൽനിന്ന് മാത്രം പ്രതീക്ഷിക്കപ്പെടും; അസത്യത്തിന്റെ ആചാര്യന്മാർക്ക് നിങ്ങളുടെ മുമ്പിൽ യാതൊരു നിലയും അവശേഷിക്കുന്നതല്ല; അവരുടെ എല്ലാ തത്ത്വശാസ്ത്രങ്ങളും, രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തങ്ങളും നിങ്ങളുടെ സത്യതക്കും സന്മാർഗത്തിനും മുമ്പിൽ കേവലം കള്ളനാണയങ്ങളായി തള്ളപ്പെടുന്നതാണ്. അവരുടെ ക്യാമ്പിൽ കാണപ്പെടുന്ന ശക്തി സന്നാഹങ്ങളെല്ലാം അടർന്നടന്ന് ഇസ്‌ലാമിന്റെ ക്യാമ്പിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കും. അങ്ങനെ ഒരു കാലം വരും; അന്ന് കമ്യൂണിസം മോസ്കോവിൽതന്നെ രക്ഷാമാർഗം കാണാതെ പരിഭ്രമിക്കും. മുതലാളിത്ത ഡെമോക്രസി വാഷിംഗ്ടണിലും ന്യൂയോർക്കിലും തന്നെ അഭയസ്ഥാനമില്ലാതെ കുഴങ്ങും. ഭൗതികവാദം ലണ്ടനിലേയും പാരിസിലെയും യൂനിവേഴ്സിറ്റികളിൽ പോലും ഇടം ലഭിക്കാതെ ഉഴലും....' (*സത്യസാക്ഷ്യം*, പേജ്: 28, 29. 10-ാം പതിപ്പ്).

കാലഘട്ടത്തിന്റെ നവോത്ഥാനനായകൻ ഇത് വെറുതെ പറഞ്ഞുവച്ചതല്ല. അല്ലാഹുവിന്റെ പ്രഖ്യാപനത്തെ ഓർമപ്പെടുത്തിയതാണ്. വിശുദ്ധഖുർആനിലൂടെ അല്ലാഹു പ്രഖ്യാപിക്കുന്നു: 'തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താനാണ് അവരാഗ്രഹിക്കുന്നത്. അല്ലാഹു തന്റെ പ്രകാശത്തെ പൂർണമായി പരത്തുക തന്നെ ചെയ്യും. സത്യനിഷേധികൾക്ക് അതെത്ര അരോചകമാണെങ്കിലും!'(61: 8). ■